## പതിനാലാം കേരള നിയമസഭ

## **പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ **ചോദ്യം നം.58** | **29.01.2019**-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. എ. പ്രദീപ്കുമാർ
ശ്രീമതി പി.അയിഷാ പോറ്റി
ശ്രീ. കെ.ഡി. പ്രസേനൻ
ശ്രീ. ആർ. രാജേഷ്

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

### **സാമ്പത്തിക പ്രതിസന്ധി നേരിടാനുള്ള നടപടികൾ**

| | | |
|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്തെ സാമ്പത്തിക അച്ചടക്കമില്ലായ്മയും അഴിമതിയും മൂലമുണ്ടായ ഭീമമായ സാമ്പത്തിക ബാധ്യത ഏറ്റെടുത്തുകൊണ്ട് അധികാരത്തിലെത്തിയ ഈ സർക്കാർ, കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളുടെയും അവധാനതയില്ലാതെ ചരക്കുസേവന നികുതി നടപ്പാക്കിയതിന്റെയും ഫലമായി സാമ്പത്തിക പ്രതിസന്ധി കൂടുതൽ ഗുരുതരവും സങ്കീർണ്ണവുമായ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ യാതൊരു കുറവും വരുത്താതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | അഴിമതിയും സാമ്പത്തിക കെടുകാര്യസ്ഥതയും മൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി താറുമാറായിരുന്ന ഒരു ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. കൂടാതെ കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും, നോട്ട് നിരോധനത്തിന്റെയും, വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യവും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചു. ടി സാമ്പത്തിക മുരടിപ്പ് തരണം ചെയ്യുന്നതിനായി ദീർഘകാല ഹ്രസ്വകാല അടിസ്ഥാനത്തിലുള്ള നടപടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br>വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു.<br>1999-ലെ കിഫ്ബി ആക്റ്റ് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ. യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ |

| | | |
|---|---|---|
| | | ഉദ്ദേശിക്കുന്നു. സമാനതകളില്ലാത്ത ഈ നിക്ഷേപം ഉളവാക്കുന്ന സാമ്പത്തിക ഉത്തേജനം സാമ്പത്തിക മാന്ദ്യത്തിന് ഒരു മറുമരുന്നാകും. 41,326/- കോടി രൂപയുടെ പദ്ധതികൾ KIIFB ഇതിനോടകം അംഗീകാരം നൽകി കഴിഞ്ഞു<br>സമ്പൂർണ്ണ പാർപ്പിടം ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിയ്ക്കായി 2018-19-ൽ 2,500/- കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ചെലവഴിക്കൽ ഗ്രാമീണ, നിർമ്മാണ മേഖലകളിൽ ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കും. പല പദ്ധതികളിലുംപെടുത്തി നിർമാണം നടത്തി പൂർത്തീകരിക്കാതെ കിടന്ന 54281 വീടുകളാണ് കണ്ടെത്തിയിരുന്നത് അവയിൽ 49482 വീടുകൾ ഇതിനോടകം പൂർത്തിയാക്കി കഴിഞ്ഞു. 184255 പേരാണ് ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയത്. ഇവരിൽ രേഖകൾ സമർപ്പിച്ച് സഹായത്തിന് അപേക്ഷിച്ച 79158 പേർക്ക് ഒന്നാം ഗഡു വിതരണം നടന്നു വരുന്നു.<br>പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയും നെല്ല് സംഭരണം, തരിശു ഭൂമിയിൽ കൃഷിയിറക്കൽ, നാളീകേര വികസനം, വിളകളുടെ ആരോഗ്യ പരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യാവസായിക അടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുക, റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും, കാലിത്തീറ്റ സബ്സിഡിയും, ക്ഷീര സഹകരണ സംഘങ്ങൾക്കും മുന്തിയ പരിഗണന ഉറപ്പ് വരുത്തുന്നതിനും 2018-19 ലെ ബഡ്ജറ്റിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തി.<br>വൻകിട ഇടത്തരം ജലസേചന പദ്ധതികളോടൊപ്പം പരമ്പരാഗത ജല സ്രോതസ്സുകളായ കുളങ്ങളും തോടുകളും പുനരുദ്ധരിക്കുന്നതിനും, കനാലുകൾ നവീകരിക്കുന്നതിനും സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ജലസേചന ആവശ്യങ്ങൾക്ക് ഒരു പരിധിവരെ മേൽ |

| | | |
|---|---|---|
| | | പദ്ധതികൾ പര്യാപ്തമാകും.<br>2018-19-ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150/- കോടി രൂപ വരും. ഗ്രാമവികസനത്തിന് 226.04 കോടി രൂപയുടെയും, കാർഷിക മേഖലയ്ക്ക് 155.12 കോടി രൂപയുടെയും വർദ്ധനവ് മുൻ വർഷത്തെ അപേക്ഷിച്ച് അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7,000/- കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | സാമ്പത്തിക അച്ചടക്കം കർശനമായി പാലിക്കുന്നതിനും അഴിമതിയും ധൂർത്തും ഇല്ലാതാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും, അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും, സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ നിന്നും വ്യതിചലിക്കാതെയുമുള്ള ധന മാനേജ്മെന്റാണ് സർക്കാർ അനുവർത്തിച്ചു പോരുന്നത്. |
| (സി) | സംസ്ഥാനത്ത് നികുതി പിരിവ് ഉർജ്ജിതമാക്കുന്നതിനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | സംസ്ഥാനത്തിന്റെ തനത് നികുതി – നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ട പ്രധാന നടപടികൾ ഇവയാണ്.<br>1. വിവിധ നികുതി കടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.<br>4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു. |

| | | |
|---|---|---|
| | | ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യ വത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു. |

സെക്ഷൻ ഓഫീസർ